**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 855 — 30.10.2019-ലെ മറുപടിയ്ക്ക്

## സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| എ) | സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം 2019 ജനുവരി 1-ാം തീയതിയുടെ അടിസ്ഥാനത്തിൽ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | 49 വകുപ്പുകളിൽ അവലോകനം പൂർത്തിയാക്കിയിട്ടുണ്ട്. |
| ബി) | ഏതൊക്കെ വകുപ്പുകളിലാണ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമാനുസൃത പ്രാതിനിധ്യമില്ലായെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | എൻ.സി.സി. വകുപ്പ്, അച്ചടി വകുപ്പ്. |
| സി) | പ്രസ്തുത വകുപ്പുകളിൽ പ്രത്യേക നിയമനത്തിനായി തസ്തിക റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | ഉണ്ട്. |
| ഡി) | കഴിഞ്ഞവർഷം ഏതൊക്കെ വകുപ്പുകളിലാണ് ഇപ്രകാരം തസ്തിക റിസർവ് ചെയ്തതെന്നും അതിലേക്കുള്ള നിയമനപുരോഗതി എന്തെന്നും വെളിപ്പെടുത്താമോ; | ഡി) | 01.01.2018 അടിസ്ഥാനമാക്കി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തുറമുഖ വകുപ്പ് എന്നീ വകുപ്പുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി തസ്തിക റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റിസർവ് ചെയ്ത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടില്ല. തുറമുഖ വകുപ്പിൽ തസ്തിക റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് പ്രസ്തുത തസ്തിക പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തതിനാൽ, റിസർവ് ചെയ്ത തസ്തികയിൽ ഉണ്ടാകുന്ന അടുത്ത ഒഴിവ് പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്യുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| ഇ) | ഏതെങ്കിലും തസ്തികയിലേക്ക് യോഗ്യരായ വ്യക്തികളെ ലഭിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഇ) | നിലവിൽ ഇത്തരത്തിൽ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

Saseendra
സെക്ഷൻ ഓഫീസർ